WEDNESDAY 03/12/2025 ബുധനാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/12/2025

1. ലോക മണ്ണ് ദിനം ആചരിക്കുന്നതിന്റെ ഭാഗമായി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിൻറെ ആഭിമുഖ്യത്തിൽ കോട്ടയം ജില്ലയിലെ യു.പി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി പെയിന്റിംഗ്, ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കായി ഉപന്യാസ മത്സരങ്ങൾ എന്നിവ 2025 ഡിസംബർ 6 ശനിയാഴ്ച കോട്ടയം ജില്ലയിൽ തലയോലപറമ്പ്, വൈക്കം മുഹമ്മദ് ബഷീർ സ്മാരക വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ ഹാളിൽ വെച്ച് സംഘടിപ്പിക്കുന്നു. മത്സരത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള വിദ്യാർത്ഥികൾ സ്കൂൾ തിരിച്ചറിയൽ രേഖയോടൊപ്പം കോട്ടയം ജില്ലയിൽ തലയോലപറമ്പ്, വൈക്കം മുഹമ്മദ് ബഷീർ സ്മാരക വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ ഡിസംബർ 6 ന് രാവിലെ 9.30 മണിക്ക് ഹാജരാകേണ്ടതാണ്. വിദ്യാർത്ഥികൾ adsskottayam@gmail.com എന്ന ഇ-മെയിലിൽ ഈ മാസം 4ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൂടുതൽ വിവരങ്ങൾക്ക് 0481-2300978, 7907916362, 9037451523 എന്നീ ഫോൺനമ്പറുകളുമായി ബന്ധപ്പെടാവുന്നതാണ്.

2. രാമങ്കരി, നെടുമുടി, കൈനകരി, തകഴി, ചെറുതന, കരുവാറ്റ കൃഷിഭവനുകളുടെ പരിധിയിൽ പുഞ്ചകൃഷിക്കായി വിതച്ച് 45 ദിവസം വരെ പ്രായമായ പാടശേഖരങ്ങളിൽ തണ്ടുതുരപ്പന്റെ ആക്രമണം കാണുന്നുണ്ടെന്നും ജാഗ്രത വേണമെന്നും കീടനിരീക്ഷണ കേന്ദ്രം പ്രൊജക്ട് ഡയറക്ടർ അറിയിച്ചു. കീടബാധ കാണപ്പെടുന്ന പാടശേഖരങ്ങളിൽ എല്ലാ കർഷകരും ഒരേ രീതിയിൽ കീടനാശിനി പ്രയോഗം നടത്തിയാൽ ഫലപ്രദമായി നിയന്ത്രിക്കാന് സാധിക്കും. ചില പാടശേഖരങ്ങളിൽ കരിഞ്ചാഴിയുടെ സാന്നിധ്യവും കാണുന്നുണ്ട്. തണ്ടുതുരപ്പനും കരിഞ്ചാഴിക്കുമെതിരെ തളിപ്രയോഗത്തേക്കാൾ തരിരൂപത്തിലുള്ള കീടനാശിനികൾ മണ്ണിൽ ചേർത്തു കൊടുക്കുന്ന രീതിയാണ് കൂടുതൽ ഫലപ്രദം. ഇപ്രകാരം ചേർത്തുകൊടുക്കുമ്പോൾ കണ്ടത്തിൽ മിനുക്കം വെള്ളം ഉണ്ടായിരിക്കണം. കർഷകർ സാങ്കേതിക ഉപദേശം സ്വീകരിച്ചു മാത്രം നിയന്ത്രണ മാർഗ്ഗങ്ങൾ കൈക്കൊള്ളുക എന്നും പ്രൊജക്ട് ഡയറക്ടർ പറഞ്ഞു. ഇതിനായി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബന്ധപ്പെടേണ്ട നമ്പർ –രാമങ്കരി – 9633815621, നെടുമുടി – 8547865338, കൈനകരി – 9961392082, തകഴി – 9747731783, ചെറുതന – 9747962127, കരുവാറ്റ – 8281032167.

3. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ സെന്റർ ഫോർ ഈ ലേണിംഗ് **കൃത്യത കൃഷിയുടെ ഒരു ഹൈബ്രിഡ് ട്രെയിനിങ് പ്രോഗ്രാം** 2025 ഡിസംബർ 15 മുതൽ 19 വരെ സംഘടിപ്പിച്ചിരിക്കുന്നു. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഡിസംബർ 12. കോഴ്സ് ഫീസ് 1000 രൂപ. വിശദ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487 2438565, 9495943875, 8547837256. വെബ് സൈറ്റ് www.celkau.in ഈമെയിൽ celkau@gmail.com.

4. റബ്ബർപാലിലെ റബ്ബറിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ. ഐ.ആർ.റ്റി.) വെച്ച് 2025 ഡിസംബർ 17 മുതൽ 19 വരെയുള്ള തീയതികളിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് 04812353127, 9497487209 എന്നീ ഫോൺനമ്പറുകളിൽ ബന്ധപ്പെടാം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള സെന്റർ ഫോർ ഇ ലേണിംഗ് അഥവാ ഇ-പഠന കേന്ദ്രം വഴി **"തേനീച്ച വളർത്തൽ"** എന്ന വിഷയത്തിൽ ഹ്രസ്വകാല മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) ആരംഭിക്കുന്നു. **2025 ഡിസംബർ മാസം** 5 ന് ക്ലാസ്സുകൾ ആരംഭിക്കും. 2025 ഡിസംബർ 15ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. ഇരുപത് ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. കോഴ്സ് പൂർത്തീകരിക്കുമ്പോൾ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ഒരു നിശ്ചിത തുക അടയ്ക്കുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റും ലഭിക്കുന്നതാണ്. **"തേനീച്ച വളർത്തൽ"** എന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സിന്റെ (MOOC) കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com എന്ന ഇമെയിൽ വഴി ബന്ധപ്പെടുക. സംശയ നിവാരണങ്ങൾക്കായി 0487-2438567, 8547837256 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ **"ആട് വളർത്തൽ"** എന്ന വിഷയത്തിൽ ഡിസംബർ 5 ന് (05/12/2025) മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491-2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ കൊണ്ടുവരേണ്ടതാണ്.

7. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് ഡിസംബർ 4 ന് രാവിലെ 10 മുതൽ **'മുയൽ വളർത്തൽ'** വിഷയത്തിൽ ഏകദിന പരിശീലനം നടത്തുന്നു. രജിസ്ട്രേഷന് വിളിക്കേണ്ട ഫോൺ നമ്പർ -0494 2962296.